# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2016-17/165
DCM (Plg) No. 1450/10.27.00/2016-17 നവംബർ 29, 2016

പൊതുമേഖലാ ബാങ്കുകൾ / സ്വകാര്യ മേഖലബാങ്കുകൾ / വിദേശബാങ്കുകൾ / റീജിയണൽ ഗ്രാമീണ ബാങ്കുകൾ / അർബൻ സഹകരണ ബാങ്കുകൾ / സംസ്ഥാന സഹകരണ ബാങ്കുകൾ / ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകൾ എന്നിവയുടെ ചെയർമാൻ / മാനേജിംഗ് ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**പിഎംജെഡിവൈ പദ്ധതിയിൻ കീഴിലുള്ള അക്കൗണ്ടുകൾ - മുൻകരുതലുകൾ.**

'പണം പിൻവലിക്കൽ - പ്രതിവാര പരിധി' എന്ന വിഷയത്തിലുള്ള ഞങ്ങളുടെ, 2016 നവംബർ 25 ലെ DCM/Plg/1424/10.27.00/2016-ാം നമ്പർ സർക്കുലർ പരിഗണിക്കുക. പിഎംജെഡിവൈ അക്കൗണ്ടുകളുള്ള, നിർദ്ദോഷികളായ കർഷകരേയും, ഗ്രാമങ്ങളിലുള്ള അക്കൗണ്ടുകാരേയും, കള്ളപ്പണം വെളുപ്പിക്കുന്നവരിൽ നിന്നും, ബിനാമി പ്രോപ്പർട്ടി ട്രാൻസാക്ഷൻ ആൻഡ് മണിലാണ്ടറിങ്ങ് നിയമമനുസരിച്ചുള്ള നിയമ നടപടികളിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി, 2016 നവംബർ 9 നു ശേഷം സ്പെസിഫൈഡ് ബാങ്ക് നോട്ടുക (എസ്ബിഎൻസ്) ൾ ഉപയോഗിച്ച് പിഎംജെഡിവൈ അക്കൗണ്ടുകളിൽ നടത്തുന്ന ഇടപാടുകൾക്ക്, ഒരു മുൻകരുതലെന്നോണം ചില പരിധികൾ എർപ്പെടുത്താൻ തിരുമാനിച്ചിരിക്കുന്നു.

പിഎംജെഡിവൈ അക്കൗണ്ടുകളെ സംബന്ധിച്ച് താഴെപ്പറയുന്നവ ഒരു താല്ക്കാലിക നടപടിയായി നടപ്പിലാക്കണം.

i. കെവൈസി പൂർത്തിയായ അക്കൗണ്ടുകളിൽ നിന്നും പ്രതിമാസം ₹10,000 വരെ പിൻവലിക്കാൻ അനുവദിക്കാവുന്നതാണ്. ₹10,000 - ന് മുകളിൽ, എന്നാൽ നിലവിലെ പിൻവലിക്കൽ പരിധിയ്ക്കുള്ളിൽ, ശാഖാമാനേജർമാർക്ക് പണം പിൻവലിക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഇത് അപ്രകാരമുള്ള കൂടുതൽ പിൻവലിക്കലുകളുടെ ഉദ്ദേശശുദ്ധി അന്വേഷിച്ചറിഞ്ഞതിനു ശേഷമായിരിക്കണം. അത്തരം ഇടപാടുകൾ ബാങ്ക് റിക്കാർഡുകളിൽ രേഖപ്പെടുത്തുകയും വേണം.

ii. ക്ലിപ്തപരിധിയുള്ളവയും, കെവൈസി പൂർത്തിയാക്കിയിട്ടില്ലാത്തതുമായ അക്കൗണ്ടുകാർക്ക് 2016 നവംബർ 9 - നു ശേഷം, എസ്ബിഎൻസു ഉപയോഗിച്ചുനടത്തിയ നിക്ഷേപങ്ങളിൽ നിന്നും

ആകമാനമായുള്ള ₹10,000 എന്ന പരിധിയ്ക്കുള്ളിൽ നിർത്തി, പ്രതിമാസം ₹5000 വരെ പിൻവലിക്കാൻ അനുവദിക്കാവുന്നതാണ്.

വിശ്വാസപൂർവ്വം,

(പി. വിജയകുമാർ)
ചീഫ് ജനറൽ മാനേജർ